കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ആര്യനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-2018

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2007/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,
ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in
തീയതി: 15.05.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )
ആര്യനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആര്യനാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി./5/2007/2018

തീയതി:15.05.19

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചയത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017മുതൽ 20.02.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. സാജൻലാൽ.എസ്.ജെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21.02.2019 മുതൽ 27.02.019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ലതാകുമാരി.എം,<br>ഓഡിറ്റ് ഓഫീസർ<br>ശ്രീ.സുരേഷ് ബാബു.ബി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. പ്രകാശ് കൃഷ്ണൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ജയലക്ഷ്മി.ബി.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.സീന.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.കല.പി,<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എസ്.ഷാമിലാ ബീഗം | 01.04.2017മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.മോഹനൻ ചെട്ടിയാർ<br>സുകൃതം,നെട്ടറച്ചിറ,നെടുമങ്ങാട് പി.ഒ | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ.സുദർശനൻ.ടി<br>നാരായണവിലാസം<br>നാരകത്തിൻകുഴി,മൈലക്കര. പി.ഒ | 01.06.2017 മുതൽ 30.09.2017 വരെ |

| | | |
|---|---|---|
| | ശ്രീ.നന്ദകുമാർ.സി<br>ചന്ദ്രകമലം,മണപ്പുറം,മലയിൻകീഴ്. പി.ഒ | 01.10.2017 മുതൽ 26.01.2018 വരെ |
| | ശ്രീമതി.ജയന്തി.എസ്<br>അനാമിക,ഗ്രീൻവാലി<br>GVRA 422,വഴയില,കരകുളം | 27.01.2018 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്,വിലാസം | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. സതീഷ് കുമാർ.എം<br>ചാമക്കര പുത്തൻവീട്,<br>കല്ലാർ പി.ഒ, വിതുര | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജയ ഡേവിഡ്<br>രാജ് നിവാസ്,ധനുവച്ചപുരം<br>തിരുവനന്തപുരം | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ഡോ.ശശി എം.ഡി<br>എസ്.കെ.വിഹാർ<br>റ്റി.സി 14/1379<br>ബേക്കറി ജംഗ്ഷൻ<br>തിരുവനന്തപുരം | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഹരികൃഷ്ണകുമാർ.ജി.ആർ<br>ചിന്മയം,റിവർ ഗാർഡൻ,കരകുളം | 01.04.2017 മുതൽ 04.01.2018 വരെ |
| | ഡോ.ലിജിത്ത് കെ.എം<br>ആലകൗഡി ഹൗസ്<br>ഇരുവട്ടി.പി.ഒ<br>തലശ്ശേരി<br>കണ്ണൂർ | 05.01.2018 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ശ്രീലത.ബി<br>പ്രതീക്ഷ, 28 വട്ടിയൂർക്കാവ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി. ഉഷാകുമാരി<br>സുരഭി,മഞ്ചംമൂല,പുതുകുളങ്ങര | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.രാജീവ് | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ-I) | ശ്രീമതി.ചോതി.സി<br>തണൽ,വെള്ളനാട്<br>എൽ.പി.എസിനു സമീപം | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ | ശ്രീ.അഭിലാഷ് | 01.04.2017 മുതൽ 23.07.2017 വരെ |

| | | |
|---|---|---|
| ഓഫീസർ (സർക്കിൾ-2) | ആശ ഭവൻ,കുടവൂർ പി.ഒ | |
| | ശ്രീമതി.സൗമ്യ<br>വലിയവിള വീട്<br>കട്ടച്ചൽക്കുഴി പി.ഒ<br>ബാലരാമപുരം | 24.07.2017 മുതൽ31.01.2018 വരെ |
| | ശ്രീമതി.ശ്യാമിനി.വി.എസ്<br>റ്റി.സി 38/1080/ വിളയിൽ വിളാകത്ത് വീട്,ചാല,തിരുവനന്തപുരം | 01.02.2018 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.രശ്മി.പി.കെ<br>കൃഷ്ണ പ്രിയ,ചെന്തിട്ട,ചാല | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.സതീഷ് രാജ് .എസ്.ആർ<br>മിസിയാവ് കോട്ടേജ്<br>വിജയമോഹിനി മിൽസ്,തിരുമല<br>തിരുവന്തപുരം. | 01.04.2017 മുതൽ 13.08.2017 വരെ |
| | ശ്രീ.ശ്യാമപ്രസാദ്.എസ്.എസ്<br>പടിഞ്ഞാറ്റതിൽ,ആലിയാട് പി.ഒ<br>വാമനപുരം | 14.08.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | <u>ഭാഗം 1</u> | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |

| | | | |
|---|---|---|---|
| | ഭാഗം 2 | | |
| 13 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല. | 2-1 | |
| 14 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല | 2-2 | |
| | ഭാഗം 3 | | |
| 15 | ബജറ്റ് നടപടിക്രമം പരിശോധനയ്ക്ക് ഫയൽ ഹാജരാക്കിയില്ല | 3-1 | |
| 16 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല. തുക തടസ്സപ്പെടുത്തുന്നു. | 3-2 | |
| 17 | കെട്ടിടം പൊളിച്ചു നീക്കി രണ്ടു വർഷം ആയിട്ടും ഉപയോഗ യോഗ്യമായ സാധനങ്ങൾ ലേലം ചെയ്തില്ല. | 3-3 | |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-4 | |
| 19 | ഗുണഭോക്തൃ തെരെഞ്ഞെടുപ്പ്-മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചോയെന്ന് വ്യക്തമല്ല | 3-5 | |
| 20 | യുവാക്കൾക്ക് ഓട്ടോറിക്ഷ സബ്സിഡി-ആർ.സി. ബുക്ക് ഹാജരാക്കിയിട്ടില്ല-30000/- രൂപ തടസ്സപ്പെടുത്തുന്നു | 3-6 | |
| 21 | വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതികളുടെ പൂർണ്ണമായ ഫയലുകൾ ഹാജരാക്കിയില്ല-1455000/- രൂപ തടസ്സപ്പെടുത്തുന്നു | 3-7 | |
| 22 | തെരുവ് നായ്ക്കളുടെ പ്രജനനനിയന്ത്രണം-പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടില്ല- 100000/- രൂപ തടസ്സപ്പെടുത്തുന്നു | 3-8 | |
| 23 | ആട് വളർത്തൽ- മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചിട്ടില്ല | 3-9 | |
| 24 | ജൈവസമൃദ്ധി പദ്ധതി ജില്ലാ ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. തടസ്സം 40800/-രൂപാ | 3-10 | |
| 25 | ഗുണഭോക്തൃ സമിതിനിർവഹണം നടത്തുന്ന പദ്ധതികൾ ചെലവ് രേഖകൾലഭ്യമാക്കുന്നില്ല. | 3-11 | |
| 26 | റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു. | 3-12 | |

| | | | |
|---|---|---|---|
| 27 | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ല-തീരുമാനങ്ങൾ പാഴാകുന്നു | 3-13 | |
| 28 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ഫയലുകൾ, ചെലവുരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. 1438532/- രൂപ തടസ്സപ്പെടുത്തുന്നു. | 3-14 | |
| 29 | സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം- കരാർ വെച്ചതിനേക്കാളും അധിക നിരക്കിൽ തുക അനുവദിച്ചിരിക്കുന്നു-1600/-രൂപ നിരാകരിക്കുന്നു. | 3-15 | |
| 30 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, സൈക്കിൾ വിതരണം പട്ടികജാതി വികസനവകുപ്പിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-തടസ്സം 220975/- | 3-16 | |
| 31 | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടില്ല | 3-17 | |
| 32 | ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം -ചെലവു രേഖകൾ ഹാജരാക്കിയില്ല 44850/- രൂപ തടസ്സപ്പെടുത്തുന്നു | 3-18 | |
| 33 | വയോജനങ്ങൾക്ക് കട്ടിൽ- ടെണ്ടർ നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചു- 11500/- രൂപ നിരാകരിക്കുന്നു | 3-19 | |
| 34 | കിണർ നിർമ്മാണം- വാല്യുവേഷനില്ലാതെ തുക നൽകിയിരിക്കുന്നു. | 3-20 | |
| 35 | ഭവനപുനരുദ്ധാരണം- മാർഗ്ഗരേഖാനിർദ്ദേശം പാലിച്ചിട്ടില്ല | 3-21 | |
| 36 | ഈറ്റത്തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള സബ്സിഡി- സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ നടപ്പാക്കി | 3-22 | |
| 37 | രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക 80,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-23 | |
| 38 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-24 | |

| | | | |
|---|---|---|---|
| 39 | വയോജനങ്ങൾക്ക് കട്ടിൽ -തുക അധികം നൽകി-22400 രൂപ നിരാകരിയ്ക്കുന്നു. | 3-25 | |
| | ഭാഗം 4 | | |
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 41 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 45 | ഓഡിറ്റ് റിക്കവറി | 4-6 | |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 47 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |
| 50 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2017 തീയതിയിലെ 1 (i) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 212209099/- രൂപ വരവും 210296850/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 107031082/- രൂപയും ചെലവ് 79485107/- രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം).

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 28.04.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | വാർഷിക കണക്കുകൾ പരിശോധിച്ച തീയതി | റിപ്പോർട്ട് നമ്പർ |
|---|---|---|
| 2017-18 | 18.06.18 മുതൽ 19.06.18 വരെ | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/482/2018 തീയതി.04.07.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17986548 |
| വരവ് | 89044534 |
| ആകെ | 107031082 |
| ചെലവ് | 79485107 |
| നീക്കിയിരിപ്പ് | 27545975 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 18077688 | 18077688 | 18077688 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3610991 | 3610991 | 3610991 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 2156053 | 2156053 | 2156053 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5020904 | 5020904 | 5020904 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 6632887 | 6632887 | 6632887 | 0 |
| സംരക്ഷണ ഗ്രാന്റ് ( നോൺ റോഡ്) | 0 | 3407513 | 3407513 | 3407513 | 0 |
| സംരക്ഷണ ഗ്രാന്റ് ( റോഡ്) | 0 | 7434146 | 7434146 | 7434146 | 0 |
| ബി ഫണ്ട് | 0 | 696560 | 696560 | 696560 | 0 |
| എം.എൻ.ആർ. | 103944 | 1828819 | 1932763 | 1812372 | 120391 |

| | | | | | |
|---|---|---|---|---|---|
| ഇ. ജി.എസ്. | | | | | |
| കാനറ ബാങ്ക് -തനതു ഫണ്ട് | 596495 | 34760 | 631255 | 2856 | 628399 |
| Aryanad Service Co-operative Bank -Own fund | 8657 | 303 | 8960 | 0 | 8960 |
| District Co-operative Bank -Own fund | 2996157 | 4625408 | 7621565 | 4055927 | 3565638 |
| ജനറൽ പർപ്പസ് ഫണ്ട് | 10042655 | 10006000 | 20048655 | 20365771 | -317116 |
| SBT Vellanad 378 | 4174680 | 3788114 | 7962794 | 2239569 | 5723225 |
| SBT Vellanad e-payment | 0 | 17830 | 17830 | 649 | 17181 |
| Canara bank(Rurban) | 0 | 17799297 | 17799297 | 0 | 17799297 |
| Cash | 63960 | 0 | 63960 | 63960 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| നിർവഹണോദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 3889650 | 11 | 1625429 | 0 | 2 | 85 |
| വെറ്ററിനറി സർജൻ | 1 | 6188120 | 7 | 1754750 | 0 | 2 | 78 |
| മെഡിക്കൽ ഓഫീസർ | 7 | 2180000 | 6 | 1738532 | 0 | 1 | 86 |

| | | | | | | | |
|---|---|---|---|---|---|---|---|
| (സി.എച്ച്.സി) | | | | | | | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 200000 | 1 | 200000 | 0 | 0 | 100 |
| വി.ഇ.ഒ | 8 | 8741000 | 4 | 1455000 | 0 | 4 | 50 |
| എൽ.വി.ഇ.ഒ | 10 | 5002500 | 6 | 1908500 | 0 | 4 | 60 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 4365875 | 8 | 3881901 | 0 | 0 | 100 |
| സെക്രട്ടറി | 44 | 18489929 | 18 | 7816967 | 0 | 26 | 41 |
| ഹെഡ്മാസ്റ്റർ | 17 | 3877113 | 10 | 1267613 | 0 | 7 | 41 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 160 | 60719330 | 80 | 25137276 | 0 | 80 | 50 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 5 | 4150440 | 5 | 2536036 | 0 | 0 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 20 | 3952260 | 14 | 2662310 | 0 | 6 | 70 |
| ആകെ | 302 | 121756217 | 170 | 51984314 | 0 | 132 | 56 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 103944 | 1828819 | 1932763 | 1812372 | 120391 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 43563553 | 43563553 | 43563553 | 0 |
| ആകെ | 103944 | 45392372 | 45496316 | 45375925 | 120391 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 226560 | 384 |
| കർഷകതൊഴിലാളി പെൻഷൻ | 7249800 | 2408 |
| വിധവാപെൻഷൻ | 20977000 | 6724 |
| വാർദ്ധക്യകാലപെൻഷൻ | 25902800 | 7392 |
| വികലാംഗപെൻഷൻ | 4797200 | 1472 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 460000 | 27 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 849200 | 279 |

| | | |
|---|---|---|
| മിശ്രവിവാഹതർക്കുള്ള ധനസഹായം | 10000 | 1 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.19, 10.30AM ന് പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,05,060/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

i)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി,പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | സ്വീകരിക്കുന്ന തപാലുകളുടെ വിവരങ്ങൾ ഉത്തരവിലെ അനുബന്ധം 1 പ്രകാരമുള്ള ഫ്രണ്ട് ഓഫീസ് രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. | സ്വീകരിക്കുന്ന തപാലുകളുടെ വിവരങ്ങൾ ഉത്തരവിലെ അനുബന്ധം 1 പ്രകാരമുള്ള ഫ്രണ്ട് ഓഫീസ് രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിൽ ചേർത്തിട്ടുണ്ട് |
| 2 | തപാൽ നമ്പർ ഓരോ കലണ്ടർ വർഷത്തിലും പുതുതായി ആരംഭിച്ച് വർഷാവസാനം വരെ തുടർച്ചയായി ക്രമീകരിക്കേണ്ടതാണ്. | തപാൽ നമ്പർ ഓരോ കലണ്ടർ വർഷത്തിലും പുതുതായി ആരംഭിച്ച് വർഷാവസാനം വരെ തുടർച്ചയായി ക്രമീകരിച്ചിട്ടുണ്ട്. |
| 3 | തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയേണ്ടതാണ്. | 2017-18 ൽ ആധാരങ്ങൾ,ബോണ്ടുകൾ എന്നിവ ഫ്രണ്ട് ഓഫീസ് വഴി ലഭിച്ചിട്ടില്ല |
| 4 | സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (7ാം കോളത്തിൽ) ചേർക്കേണ്ടതാണ്. പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും | സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (7ാം കോളത്തിൽ) ചേർക്കേണ്ടതാണ്.എന്നാൽ പഞ്ചായത്തിൽ ആ നടപടി സ്വീകരിച്ചിട്ടില്ല. |

| | | |
|---|---|---|
| | പൊതുതൻപതിവേടിൽ ചേർക്കണം | |
| 5 | എല്ലാ തപാലുകൾക്കും കൈപ്പറ്റ് രസീത് നൽകണം | എല്ലാ തപാലുകൾക്കും കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 6 | കൈപ്പറ്റ് രസീത് ഡ്യൂപ്ലിക്കേറ്റിൽ തയ്യാറാക്കി ഒറിജിനൽ അപേക്ഷകന് നൽകുകയും പകർപ്പ് തപാലിനോടൊപ്പം ചേർക്കുകയും ചെയ്യണം. | കൈപ്പറ്റ് രസീത് ഡ്യൂപ്ലിക്കേറ്റിൽ തയ്യാറാക്കി ഒറിജിനൽ അപേക്ഷകന് നൽകുകയും പകർപ്പ് തപാലിനോടൊപ്പം ചേർക്കുകയും ചെയ്തിട്ടുണ്ട്. |
| 7 | ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതും സേവനം നൽകേണ്ടതുമായ അപേക്ഷകളുടേയും കാര്യത്തിൽ യഥാസമയം സേവനം ഉറപ്പുവരുത്താനായി അനുബന്ധം 3 മാതൃകയിലുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കേണ്ടതാണ്. | ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതും സേവനം നൽകേണ്ടതുമായ അപേക്ഷകളുടേയും കാര്യത്തിൽ യഥാസമയം സേവനം ഉറപ്പുവരുത്താനായി അനുബന്ധം 3 മാതൃകയിലുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ട്. |
| 8 | തപാൽ കൈമാറ്റങ്ങൾക്ക് രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിലെ 9ാം കോളത്തിൽ അക്ക്നോളജ്മെന്റ് വാങ്ങണം. | തപാൽ കൈമാറ്റങ്ങൾക്ക് രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിലെ 9ാം കോളത്തിൽ അക്ക്നോളജ്മെന്റ് വാങ്ങാറുണ്ട്. |
| 9 | അതാത് ദിവസം ലഭിച്ച തപാലുകൾ യഥാസമയം വിതരണം ചെയ്ത ശേഷം "എല്ലാ തപാലുകളും രജിസ്ട്രേഷൻ വിതരണ രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുണ്ട്" എന്ന് അന്നന്ന് ചുമതല കൈമാറ്റത്തിന് മുൻപ് ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ രജിസ്ട്രേഷൻ വിതരണ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. | സാക്ഷ്യപ്പെടുത്താറില്ല |
| 10 | സേവനം സ്വീകരിക്കുന്നതിനായി ഹാജരാകുമ്പോൾ ഒപ്പ് വാങ്ങി സേവനം നൽകേണ്ടതും കൈപ്പറ്റ് രസീത് റദ്ദാക്കുകയും ചെയേണ്ടതാണ്. | അപ്രകാരം ചെയ്യാറുണ്ട് |
| 11 | ഇപ്രകാരം ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയയ്ക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയേണ്ടതാണ്. | തപാൽ മാർഗ്ഗം അയക്കാറുണ്ട് |
| 12 | അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട | അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കുന്നുണ്ട് |

| | | |
|---|---|---|
| | സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം | |
| 13 | സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം. | സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്താറില്ല. |
| 14 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട് |
| 15 | സേവനവിവര ബോർഡുകൾ (അനുബന്ധം 7), ഹാജർ ബോർഡ് (അനുബന്ധം 8), ഗ്രാമസഭാ ബോർഡ് (അനുബന്ധം 9), യോഗങ്ങൾ സംബന്ധിച്ച ബോർഡ് (അനുബന്ധം 10), സർവ്വീസ് സ്റ്റാറ്റസ് ബോർഡ് (അനുബന്ധം 11) എന്നിവ തയ്യാറാക്കണം. | സേവനവിവര ബോർഡുകൾ (അനുബന്ധം 7), ഹാജർ ബോർഡ് (അനുബന്ധം 8), ഗ്രാമസഭാ ബോർഡ് (അനുബന്ധം 9), യോഗങ്ങൾ സംബന്ധിച്ച ബോർഡ് (അനുബന്ധം 10), സർവ്വീസ് സ്റ്റാറ്റസ് ബോർഡ് (അനുബന്ധം 11) എന്നിവ തയ്യാറാക്കിയിട്ടുണ്ട്. |
| 16 | ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തണം. | ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട് |
| 17 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം | മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട് |

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-02-2019 മുതൽ 12.02.2019 വരെ | 01.01.2019 മുതൽ 31.01.2019 വരെ | 15.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.05.2015 | 2009-10 മുതൽ 2013-14 വരെ | ലഭിച്ചില്ല. |

## 1-12 വാർഷിക കണക്കുകളിൽ മേലുള്ള അപാകതകൾ

അപാകതകൾ 04.07.2018ലെ കെ.എസ്.എ.റ്റി.വി.എം ജി.പി.5/1482/2018 നമ്പർ റിപ്പോർട്ടായി പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജില്ലാ പഞ്ചായത്ത് വിഹിതം ജൈവ സമൃദ്ധിക്ക് ലഭിച്ച 20400/-, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ലഭിച്ച സ്കോളർഷിപ്പ് തുക 33125/- എന്നിവ പ്രസ്തുത ഹെഡിൽ ചേർത്തിട്ടില്ല.
2) ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ റീഫണ്ട് ചെയ്ത തുക 120000/- രൂപയും മൃഗസംരക്ഷണം-പശു-ജനറൽ ഇനത്തിലുള്ള വരവ് 900000/- രൂപയും സംയുക്ത പദ്ധതി ബ്ലോക്ക് വിഹിതത്തിൽ ചേർത്തിട്ടുണ്ട്. ബ്ലോക്ക് വിഹിതം സംയുക്ത പദ്ധതികൾക്കായുള്ള ആകെ വരവ് 959686/- രൂപായാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2017-18 സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 227524/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ഗ്രാമ പഞ്ചായത്തിന് 2275/-രൂപയുടെ നഷ്ടമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും 42286/-രൂപാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ലഭ്യമാക്കാൻ വേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബജറ്റ് നടപടിക്രമം പരിശോധനയ്ക്ക് ഫയൽ ഹാജരാക്കിയില്ല

2017-18 വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി<br>ഉത്തരവ് നം/തീയതി |
|---|---|---|

| | | |
|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടണം | ആവശ്യപ്പെട്ടിട്ടുണ്ടെന്ന സ്ഥാപനം അറിയിച്ചിട്ടുണ്ട്.എന്നാൽ ഫയൽ പരിശോധന യ്ക്കായി ഹാജരാക്കിയിട്ടില്ല. |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാണ്. | സമർപ്പിച്ചിട്ടുണ്ടെന്ന സ്ഥാപനം അറിയിച്ചിട്ടുണ്ട്.എന്നാൽ ഫയൽ പരിശോധന യ്ക്കായി ഹാജരാക്കിയിട്ടില്ല. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരണം | ചേർന്നിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം എന്നിവ നടത്തണം. | നടത്തിയിട്ടുണ്ടെന്ന സ്ഥാപനം അറിയിച്ചിട്ടുണ്ട് എന്നാൽ ഫയൽ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം ലഭിക്കണം | ലഭിച്ചിട്ടുണ്ടെന്ന സ്ഥാപനം അറിയിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കണം | അംഗീകരിച്ചിട്ടുണ്ട് |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരണം | ചേർന്നിട്ടുണ്ട് |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരണം | ചേർന്നിട്ടുണ്ട് |
| 9 | സാംഖ്യാ അധിഷ്ഠിത ഫംഗ്ഷൻ-ഫംഗ്ഷണറിഅടിസ്ഥാനത്തിലാണ് പഞ്ചായത്ത് ബജറ്റ് തയ്യാറാക്കേണ്ടത് | അതെ |
| 10 | ബജറ്റ് പുതുക്കിയിട്ടുണ്ടോ? എങ്കിൽ ആയതിന്റെ തീയതി. | പുതുക്കിയിട്ടില്ല. |

ബജറ്റിന്റെ നടപടിക്രമം പരിശോധനയ്ക്കായി ഫയൽ ഹാജരാക്കുവാൻ നിർദ്ദേശിച്ചപ്പോൾ ഫയൽ ലഭ്യമല്ല എന്ന മറുപടിയാണ് നൽകിയത്. ആയതിനാൽ ബജറ്റിന്റെ നടപടിക്രമം പാലിച്ചിട്ടുണ്ടോയെന്ന പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 3-2 വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല. തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | തുക | ചെക്ക് നം/ ബിൽ നംതീ | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | 6/18 Post Shifting. | 20465 (ധനകാര്യ കമ്മീഷൻ അവാർഡ്) | 5286839/28-11-17 | KSEB Peyadu |
| 2 | 6/18 Post shifting | 56989 തനത് ഫണ്ട് | 5286185/12-10-17 | KSEB Aryanadu |
| 3 | 6/18 post Shifting | 19806 തനത് ഫണ്ട് | 5286831/19-7-17 | KSEB Aryanadu |
| 4 | 184 Pipe line Extension | 300000 (വികസന ഫണ്ട് എസ്.സി.പി) | 30/16-2-18 | KWA |
| ആകെ | | 397260/- | | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 397260/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 കെട്ടിടം പൊളിച്ചു നീക്കി രണ്ടു വർഷം ആയിട്ടും ഉപയോഗ യോഗ്യമായ സാധനങ്ങൾ ലേലം ചെയ്തില്ല.

പഞ്ചായത്തിന്റെ പകൽവീട് പദ്ധതി നടപ്പാക്കാനായി നിശ്ചയിച്ച സ്ഥലത്ത് ഉണ്ടായിരുന്ന പഴയ കെട്ടിടം പൊളിച്ചു നീക്കാൻ ഭരണസമിതിയുടെ 15/3/17 ലെ I(2)നം തീരുമാന പ്രകാരം AE യ്ക്ക് നിർദ്ദേശം നല്കി. കെട്ടിടം പൊളിച്ചു നീക്കി സൈറ്റിൽ തന്നെ മെറ്റീര്യൽ സ്റ്റാക്ക് ചെയ്തിട്ടുള്ളതിനാൽ സാധനങ്ങൾ ലേലം ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് എന്ന് 2/6/17 ൽ AE പഞ്ചായത്തിനെ അറിയിച്ചു. സാധനങ്ങൾക്ക് 8990/- രൂപ വില നിശ്ചയിച്ച റിപ്പോർട്ടും നല്കിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ഉപയോഗ യോഗ്യമായ സാധനങ്ങൾ ലേലം ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം19) ലഭ്യമാക്കിയ മറുപടിയിൽ ഉടൻ തന്നെ ലേല നടപടി കൈക്കൊള്ളുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ലേല വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

പഞ്ചായത്തിലെ 18 വാർഡുകളിലായി ആകെ 354 അയൽക്കൂട്ടങ്ങളാണുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 238 തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 2918 പേർ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു. 2841കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

449 പദ്ധതികൾക്ക് സാങ്കേതികനുമതി ലഭിച്ചുവെങ്കിലും 268 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ലേബർ ബഡ്ജറ്റ് പ്രകാരം 22 ഇനപദ്ധതികൾക്ക് അംഗീകാരം നൽകി. 159981 തൊഴിൽദിനങ്ങൾ മാത്രമാണ് 2017-18 കാലയളവിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ശരാശരി 60.05 തൊഴിൽദിനങ്ങൾ. 100 ദിവസം തൊഴിൽ ലഭിച്ച 177 കുടുംബങ്ങൾ മാത്രമാണുള്ളത്.

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനായി 2017-18 ൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | ഫാം പോണ്ട് നിർമ്മാണം | 29 |
| 2 | ചെടി നഴ്സറി | 37 |
| 3 | റോഡ് സൈഡിൽ മരം വെച്ച പിടിപ്പിക്കൽ | 18 |

വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്ന സേവനങ്ങളെ സംബന്ധിച്ചും അതിന്റെ നിബന്ധനകളെ സംബന്ധിച്ചും പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ചും വ്യക്തമായ ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.

2017-18 വാർഷിക പദ്ധതി പ്രകാരം പദ്ധതി നടത്തിപ്പിനായി ലേബർ കംപോണന്റിനത്തിൽ 42854000/-രൂപയും മെറ്റീരിയൽ കംപോണൻറിനത്തിൽ 605000/-രൂപയും ചെലവഴിച്ചിരിക്കുന്നു.

പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

ജി.ഒ(ആർ.ടി)334/12/ത.സ്വ.ഭ.വ, തിയതി.02-02-2012 പ്രകാരം നടപ്പിലാക്കുന്ന ആകെ പ്രവൃത്തികളുടെ 10% തുക വിനിയോഗിച്ച് ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ, ഒരു ഗ്രാമത്തിലെ ആവാസ കേന്ദ്രങ്ങളിലൂടെയുള്ള റോഡുകൾ എന്നിവ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ മേൽ സൂചന പ്രകാരം ആസ്തികൾ സൃഷ്ടിക്കുന്ന യാതൊരു പ്രവൃത്തിയും ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ചിട്ടില്ല. ആയത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്കും പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചോയെന്ന് വ്യക്തമല്ല

വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ (സ.ഉ.(എം.എസ്.)80/2017/ത.സ്വ.ഭ.വ,തീ.3.4.2017) ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സർക്കാർ മാർഗനിർദ്ദേശം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|
| 1 | വ്യാപകമായ പ്രചരണംനൽകി ആവശ്യമുള്ള മുഴവൻപേർക്കും അപേക്ഷ നൽകാനുള്ള അവസാന തീയതിയും, സമയവും നിശ്ചയിക്കണം | നിശ്ചയിച്ചിട്ടുണ്ട്. |
| 2 | അപേക്ഷ സ്വീകരിച്ച ശേഷം അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം | അനർഹർ കരട് ലിസ്റ്റിൽ ഉണ്ടായിരുന്നില്ല എന്ന് സ്ഥാപനം മറുപടി നൽകിയെങ്കിലും ആയതു പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 3 | അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴവൻപേരെയും ഉൾപ്പെടുത്തി കരട് മുൻ ഗണനാലിസ്റ്റ് തയ്യാറാക്കണം. | തയ്യാറാക്കിയിട്ടുണ്ട് എന്ന് സ്ഥാപനം മറുപടി നൽകിയെങ്കിലും ആയതു പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 4 | ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം | സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 5 | പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും | തയ്യാറാക്കിയിട്ടുണ്ട് എന്ന് സ്ഥാപനം മറുപടി നൽകിയെങ്കിലും |

| | | |
|---|---|---|
| | അടിസ്ഥാനത്തിൽ കരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കണം | ആയതു പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 6 | കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി മിനിട്സ് രേഖപ്പെടുത്തണം | രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് സ്ഥാപനം മറുപടി നൽകിയെങ്കിലും ആയതു പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 7 | ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചു നൽകണം | നൽകിയിട്ടുണ്ട്. |

ഗുണഭോക്താക്കളെ തിരെഞ്ഞെടുക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അർഹത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിരിക്കുന്നത് എന്നു പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ സ്റ്റാന്റിംഗ്കമ്മിറ്റിയും ഭരണസമിതിയും ജാഗ്രത കാണിക്കേണ്ടതാണ്. അർഹത ഉള്ളവർക്ക് ആനുകൂല്യം ലഭ്യമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 യുവാക്കൾക്ക് ഓട്ടോറിക്ഷ സബ്സിഡി-ആർ.സി. ബുക്ക് ഹാജരാക്കിയിട്ടില്ല- 30000/- രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നം | : | 294 /18 യുവാക്കൾക്ക് ഓട്ടോറിക്ഷ സബ്സിഡി |
| നിർവഹണോദ്യോഗസ്ഥൻ | : | വി.ഇ.ഒ |
| ഫണ്ടിനം | : | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | : | 600000/-രൂപ |
| ചെലവ് | : | 30000/- രൂപ |
| ബിൽ നം | : | 9/17-18 |
| തീയതി | : | 05.02.2018 |

തൊഴിൽ രഹിതരായ യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള സബ്സിഡി നൽകുന്നതാണ് പദ്ധതി. ലോൺ അനുവദിച്ചുകൊണ്ടുള്ള ധനകാര്യസ്ഥാപനത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യസ്ഥാപനത്തിലേയ്ക്ക് സബ്സിഡി തുക നൽകുന്നു. ഒരു വ്യക്തിക്ക് മാത്രമാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.

ശ്രീ.വിമൽ രാജിനാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. എന്നാൽ ഓട്ടോറിക്ഷയുടെ ആർ.സി ബുക്കിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 21) മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ 30000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രസ്തുത വ്യക്തിയിൽ നിന്നും ആർ.സി ബുക്കിന്റെ കോപ്പി ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ പൂർണ്ണമായും ഹാജരാക്കിയില്ല-1455000/- രൂപ തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ പൂർണ്ണമായ ഫയലുകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | 158/18 | ആശ്രയ പദ്ധതി | 450000/- |

| | | | |
|---|---|---|---|
| 2 | 293/18 | പി.എം.എ.വൈ വിഹിതം | 700000/- |
| 3 | 304/18 | ഭവന പുനരുദ്ധാരണം (എസ്.സി.പി) | 225000/- |
| 4 | 310/18 | ആശ്രയ പദ്ധതി | 80000/- |
| | | ആകെ | 1455000/- |

ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശം, കൈപ്പറ്റിയ തുകയുടെ വിശദാംശം എന്നിവ ലഭ്യമാക്കിയില്ല. പ്രോജക്ടിന്റെ വിവരം ക്യാഷ് ബുക്ക്, ബിൽ മാറിയതിന്റെ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവു പത്രികയുടെ അടിസ്ഥാനത്തിലുള്ള തുകയായ 1455000/-രൂപയുടെ ചെലവ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം 21 നുള്ള മറുപടിയിൽ പ്രോജക്ടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് പൂർണ്ണമായ ഫയലുകൾ ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്.

ഫയലുകൾ ഹാജരാക്കി ഓഡിറ്റ് പൂർത്തിയാകുന്നതുവരെ 1455000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 തെരുവ് നായ്ക്കളുടെ പ്രജനനനിയന്ത്രണം- പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടില്ല- 100000/- രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നം. | : | 200/18 (തെരുവ് നായ്ക്കളുടെ പ്രജനനനിയന്ത്രണം) |
| അടങ്കൽ | : | 100000 (വി.ഫ.(ജനറൽ) |
| ചെലവ് | : | 100000 (ബിൽ നം. fvc.B.no.3/17-18 dt.25.11.2017) |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം 100000/- രൂപ പിൻവലിച്ച് മുൻകൂറായി കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്. എന്നാൽ 48 നായ്ക്കളെ വന്ധ്യംകരിച്ചു എന്ന ഒരു ഒരു സാക്ഷ്യപത്രം മാത്രമാണ് കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ളത്. വാർഡുകളിൽ നിന്ന് നായകളെ പിടികൂടി ശസ്ത്രക്രിയ നടത്തിയതിന്റെ വിശദാംശം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കിയത് സംബന്ധിച്ച് വ്യക്തതയില്ല. മോണിറ്ററിംഗിന് ചുമതലപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ഇക്കാര്യം നിരീക്ഷിച്ചിട്ടുമില്ല. വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിലേക്കായി ചെലവ് തുക 100000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 ആട് വളർത്തൽ– മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോജ. നം. | : | 142/18(ആട് വളർത്തൽ(വനിതകൾ)) |
| അടങ്കൽ | : | 240000/- (വി.ഫ.(ജനറൽ)) |
| ചെലവ് | : | 240000/- (ബിൽ നം. fvc.B.no.12/17-18 dt.23.02.2018) |

വനിതകൾക്ക് ആടുവളർത്തലിന് ധനസഹായം നൽകുകയെന്ന ലക്ഷ്യത്തോടെ വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്ടിൽ ഒരു ഗുണഭോക്താവ് കുറഞ്ഞത് 3 ആടുകളെ വാങ്ങേണ്ടതാണെന്നും, പ്രത്യേക പർച്ചേസ് കമ്മിറ്റി രൂപീകരിച്ചായിരിക്കണം ആടുകളെ വാങ്ങേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രണ്ട് ആടുകളെ വാങ്ങിയതായി രസീത് ഹാജരാക്കിയ 20 ഗുണഭോക്താക്കൾക്കും 12000/- രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. ആടുകളെ വാങ്ങുന്നതിനായി പ്രത്യേക പർച്ചേസ് കമ്മിറ്റി കൂടിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗിന് നടത്തിയിട്ടുമില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി

നൽകിയതിന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. 11.01.2016 ലെ ജി.ഒ.(എം.എസ്) 4/2016 നം. സബ്സിഡി മാർഗ്ഗരേഖപ്രകാരം കുറഞ്ഞത് 3 ആടുകളെ വാങ്ങുന്നതിനാണ് പരമാവധി 12000/- രൂപയാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ സർക്കാർ നിർദ്ദേശം പാലിക്കാതെ 2 ആടുകളെ വാങ്ങിയ ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 ജൈവസമൃദ്ധി പദ്ധതി ജില്ലാ ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. തടസ്സം 40800/-രൂപാ

പദ്ധതി നം : 283/18
നിർവഹണം : കൃഷി ഓഫീസർ

| ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ/ ചെക്ക് നം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 325000 | 324300 | - |
| ബ്ലോക്ക് വിഹിതം | 20400 | 20400 | 5278543 തീയതി 31/03/18 |
| ജില്ലാ വിഹിതം | 20400 | 20400 | 4048979 തീയതി 31/03/18 |
| മറ്റുള്ളവ | 161100 | - | - |
| ആകെ | 526900 | 365100 | - |

വളം,കീടനാശിനി,കൂലിച്ചെലവ്,വിത്തുകളും തൈകളും വിതരണം തുടങ്ങിയവയ്ക്ക് സബ്സിഡി അനുവദിക്കൽ എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 60 യൂണിറ്റുകൾക്ക് പ്രസ്തുത പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചിട്ടുണ്ട്. എന്നാൽ കൂലിച്ചെലവ് ഇനത്തിൽ ചെലവഴിച്ച ജില്ലാ ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 22/19) മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക 40800/-രൂപാ ഓഡിറ്റ് തടസ്സം ചെയ്യുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 ഗുണഭോക്തൃ സമിതിനിർവഹണം നടത്തുന്ന പദ്ധതികൾ ചെലവ് രേഖകൾലഭ്യമാക്കുന്നില്ല.

ജി.ഒ.(എം.എസ്)10/2017തീയതി.09.01.17 ൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ ചെലുത്തേണ്ട ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. സർക്കുലർ നം.1/1559/2010/സി.ഇ/ത.സ്വ.ഭ.വ/തീയതി 13.11.2014 പ്രകാരം ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തുന്ന പദ്ധതികൾക്ക് നൽകേണ്ട തുക സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ചുവടെ പറയുന്ന മരാമത്ത് പദ്ധതികൾക്ക് വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്ത രൂപം ഗുണഭോക്തൃസമിതി കൺവീനർ ചെയർമാൻ എന്നിവർ സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടില്ല. ചെലവ് സാധൂകരിക്കുന്ന വൗച്ചറുകൾ ബില്ലുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ വിവരം | എം.ബുക്ക് പ്രകാരം അനുവദിച്ച തുക |
|---|---|---|

| | | |
|---|---|---|
| | പദ്ധതിയുടെ പേര്-കൊക്കോട്ടേല -കണിയാവിളം റോഡ്<br>പദ്ധതി നം-(47/18)<br>അടങ്കൽ-480000/-<br>കൺവീനർ-ഷെനിത കുമാരി<br>എം. ബുക്ക് നം-453/17-18 | 444931/- |
| | പദ്ധതിയുടെ പേര്-പൊട്ടൻചിറ ചേരപ്പള്ളി റോഡ് റീടാറിംഗും ഓടനിർമ്മാണവും<br>പദ്ധതി നം-(42/18)<br>അടങ്കൽ-450000/-<br>കൺവീനർ-ജ്ഞാനശീലൻ<br>എം. ബുക്ക് നം-201/17-18 | 417013/- |
| | പദ്ധതിയുടെ പേര്-ച്ചട്ടിയാംകോണം പൊടിയണിക്കുഴി റോഡ് കോൺക്രീറ്റ്<br>പദ്ധതി നം-(103/18)<br>അടങ്കൽ-250000/-<br>കൺവീനർ-ആദർശ്<br>എം. ബുക്ക് നം527-/17-18 | 244256/- |
| | പദ്ധതിയുടെ പേര്-കണിയാർകോണം തടം കോൺക്രീറ്റ്<br>പദ്ധതി നം-(108/18)<br>അടങ്കൽ-250000/-<br>കൺവീനർ-സ്റ്റാലിൻ ജോസ്<br>എം. ബുക്ക് നം-195/17-18 | 214222/- |
| | പദ്ധതിയുടെ പേര്-ഇരിഞ്ചൽ ഞവരപ്പാറക്കോണം തടം കോൺക്രീറ്റ്<br>പദ്ധതി നം-(104/18)<br>അടങ്കൽ-250000/-<br>കൺവീനർ-വിനീത പി<br>എം. ബുക്ക് നം-196/17-18 | 244256/- |

ഗുണഭോക്തൃ സമിതി അംഗീകരിച്ച ചെലവ് രേഖകൾ, തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ,മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ വൌച്ചറുകൾ, കൈപ്പറ്റ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ചതിന്റെ ആധികാരികത ഉറപ്പാക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. ഇത് കൺവീനർക്ക് അധിക ആനുകൂല്യം ലഭിക്കാൻ ഇടയാക്കിയേക്കാം. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ ചെലുത്തേണ്ട ചുമതലകൾ ഇവിടെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർവഹിച്ചിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതും അധികച്ചെലവ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നം 23/19 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്.

## 3-12 റോഡ് പ്രവൃത്തികൾ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു.

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ റോഡ്ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ഏറ്റെടുത്തിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 9/19) റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ല-തീരുമാനങ്ങൾ പാഴാകുന്നു

ജി.ഒ (എം.എസ്) നം.72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്ത 107 പ്രവൃത്തികളിൽ 44 പ്രവൃത്തികൾ തൻവർഷം നിർവഹിച്ചിട്ടില്ല. ടി അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 11/18 മെറ്റീരിയൽസിന്റെ അഭാവവും പ്രതികൂല കാലാവസ്ഥയും കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തത് എന്നാണ് മറുപടി ലഭ്യമാക്കിയത്. ദീർഘവീക്ഷണത്തോടെ പദ്ധതികൾ ഏറ്റെടുക്കേണ്ടതും സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതുമാണ്.

## 3-14 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ഫയലുകൾ, ചെലവുരേഖകൾ എന്നിവ ഹാജരാക്കിയില്ല. 1438532/- രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ നമ്പർ | അടങ്കൽ | ചെലവ് | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| പാലീയേറ്റീവ് കെയർ, ആംബുലൻസ് സംബന്ധിച്ച ചെലവുകൾ. | SO 161 | 200000/- | 158709 | 1. ഫയലുകൾ ലഭ്യമല്ല.<br>2. താഴെ പറയുന്ന ബില്ലുകളിൽ കൈപറ്റ് രേഖയില്ല.<br>1.17809/-(bill No. 2/17, Dt. 22/7/2017.<br>2. 10000/-Bill No. 4/17 Dt.16/8/2017<br>3. 10000/-Bill No. 7/17 Dt. 7/9/2017<br>4. 10000/- Bill No. 8/17 Dt. 9/10/2017. |
| പാലീയേറ്റീവ് കെയർ | SO 188 | 900000/- | 890791<br>Bill No. 1,5,6,9,11, 14,17,19, 21,25,27, 33/17. | 1. ഫയലുകൾ ലഭ്യമല്ല.<br>2. ഹോം കെയർ വിസിറ്റിന്റെ വൗച്ചറുകൾ ലഭ്യമല്ല.<br>3. 4,50,000/- രൂപയുടെ മരുന്നു വാങ്ങിയ ബില്ലുകളിൽ LAMITOR Dt 100 |

| | | | | |
|---|---|---|---|---|
| | | | | MG 125Nos<br>@ of Rs. 1375/-<br>സ്റ്റോക്കിൽഎടുത്തിട്ടില്ല. |
| വയോജനങ്ങൾക്കുള്ള പ്രത്യേക ഗൃഹപരിപാലന പദ്ധതി. | SO 189 | 300000 | 254516 | 1. ഫയലുകൾ ലഭ്യമല്ല.<br>2.താഴെ പറയുന്ന ബില്ലുകളിൽ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല.<br>1. 14516/-<br>Bill No.<br>24/17 Dt. 15/2/2018<br>2. 10000/-<br>Bill No. 29/17<br>Dt. 19/3/2018<br>3. 2,20,000/- രൂപയുടെ മരുന്നു വാങ്ങിയ ബില്ലുകൾ സ്റ്റോക്കിൽ തെറ്റായി രേഖപ്പെടുത്തി യിരിക്കുന്നു.ഉദാ. 1. T Calcium<br>500 mg<br>B. No. 9495<br>2. T GLIMPRIDE<br>2 mg Tab B No. p8116<br>.<br>3. MEGANEURON<br>CAP B No. IL077<br>4. T.ATORVA<br>20 mg B No. 00662. |
| പട്ടിക വർഗ്ഗ മേഖലയിലെ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്. | SO 190 | 100000/- | 100000/- | 1. ഫയലുകൾ ലഭ്യമല്ല.<br>3. 69,500/-<br>രൂപയുടെ<br>മരുന്നു വാങ്ങിയ ബില്ലുകൾ സ്റ്റോക്കിൽ തെറ്റായി രേഖപ്പെടുത്തി യിരിക്കുന്നു<br>ഉദാ.1. T CALCIUM<br>500 mg |

| | | | | |
|---|---|---|---|---|
| | | | | 2. T BISACODYL 5ml<br>3. T GCIMIPREX MF |
| കിടപ്പുരോഗികൾക്കും ഭിന്നശേഷിക്കാർക്കും ഫിസിയോതെറാപ്പി. | SO 191 | 180000/- | 34516/- | 1. ഫയലുകൾ ലഭ്യമല്ല.<br>2. ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. |

ഓഡിറ്റിന് ലഭ്യമാക്കാത്ത ഫയലുകൾ, ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.24, തീയതി.26.02.19) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ രേഖകൾ ലഭ്യമാക്കാത്ത ചെലവ് തുക 1438532/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-15** സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം- കരാർ വെച്ചതിനേക്കാളും അധിക നിരക്കിൽ തുക അനുവദിച്ചിരിക്കുന്നു-**1600/-**രൂപ നിരാകരിക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം | : | 228 /18 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | : | ഹെഡ്മിസ്ട്രസ് |
| ഫണ്ടിനം | : | വികസന ഫണ്ട് (റ്റി.എസ്.പി) |
| അടങ്കൽ | : | 90000/-രൂപ |
| ചെലവ് | : | 88000/- രൂപ |
| ബിൽ നം | : | 8 /17-18 |
| തീയതി | : | 27.03.2018 |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം വാങ്ങൽ എന്ന പദ്ധതിയിൽ കുടയും ബാഗുമാണ് നൽകിയിരിക്കുന്നത്. കുടയും ബാഗും വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ ശ്രീ.പ്രശാന്ത്,പൂരം എന്ന സ്ഥാപനമുടമ എല്ലാ നികുതിയുൾപ്പെടെ കുട ഒന്നിനു 300/-രൂപ നിരക്കിൽ 80 കുട നൽകാമെന്നു ടെണ്ടർ സമർപ്പിക്കുകയും അതിൻ പ്രകാരം 80 കുടകൾക്ക് 24000/-രൂപ അംഗീകരിക്കുകയും ചെയ്തു. എന്നാൽ ബിൽ പ്രകാരം 25600/-രൂപ (320 @80) യ്ക്കാണ് കുട വാങ്ങി നൽകിയിരിക്കുന്നത് . ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 15/19 ന് വ്യക്തമായ മറുപടി ഹാജരാക്കിയിട്ടില്ല.
കുടകൾക്ക് അധികമായി നൽകിയ 1600/-രൂപ (25600-24000) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടെണ്ടർ നടപടിക്രമം കൃത്യമായി പാലിക്കുവാൻ ഭരണസമിതിയും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ജഗ്രത പുലർത്തേണ്ടതുണ്ട്. അധികമായി നൽകിയ 1600/- രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-16** എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്, സൈക്കിൾ വിതരണം- പട്ടികജാതി വികസന വകുപ്പിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - തടസ്സം **220975/-** രൂപ

1) ലാപ്ടോപ്പ് വിതരണം

| | | |
|---|---|---|
| പ്രോജക്ട് നം | : | 148 /18 എസ്.സി വിഭാഗത്തിലെ പോസ്റ്റ് ഗ്രാജുവേറ്റ്,ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ |
| നിർവഹണോദ്യോഗസ്ഥ | : | ഹെഡ്മിസ്ട്രസ് |

| | |
|---|---|
| ഫണ്ടിനം | : വികസന ഫണ്ട് (എസ്.സി.പി) |
| അടങ്കൽ | : 301115/-രൂപ |
| ചെലവ് | : 175000/- രൂപ |
| ബിൽ നം | : 5/17-18 |
| തീയതി | : 21.08.2017 |

എസ്.സി വിഭാഗത്തിലെ പോസ്റ്റ് ഗ്രാജ്വേറ്റ്, ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ് വാങ്ങി നൽകൽ എന്ന പദ്ധതിയിൽ 7 വിദ്യാർത്ഥികൾക്ക് 25000/- രൂപ നിരക്കിൽ 175000/- രൂപ ചെലവഴിച്ച ലാപ്പ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. 03.04.2017 ലെ സ.ഉ(എം.എസ്)നം 80/2017/തസ്വഭവ 11.8(4) പ്രകാരം ഒരാൾക്ക് ഒരു തവണ മാത്രമേ ആനുകൂല്യം നൽകാവൂ. അതു സംബന്ധിച്ച് വകുപ്പിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ ഫയലിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ലാപ്ടോപ്പ് ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാത്തവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1 .അയന അജിത്ത്

2. ആഷിക്ക് .എസ്.ഡി

3. സുജിത്ത്.വി.എസ്

4.അഷ്ടമി പ്രകാശ്.എസ്

ഓഡിറ്റ് എൻക്വയറി നം 15/19 നുള്ള മറുപടിയിൽ അവ ഹാജരാക്കാമെന്ന അറിയിച്ചിട്ടുണ്ട്.

മേൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം വകുപ്പിൽ നിന്നും ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

2) സൈക്കിൾ വിതരണം

| | |
|---|---|
| പ്രോജക്ട് നം | : 147 /18 എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ |
| നിർവഹണോദ്യോഗസ്ഥ | : ഹെഡ്മിസ്ട്രസ് |
| ഫണ്ടിനം | : വികസന ഫണ്ട് (എസ്.സി.പി) |
| അടങ്കൽ | : 300000/-രൂപ |
| ചെലവ് | : 120975/- രൂപ |
| ബിൽ നം | : 3/17-18 |
| തീയതി | : 29.07.2017 |

എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ എന്ന പദ്ധതിയിൽ 29 വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയിട്ടുണ്ട്. 03.04.2017 ലെ സ.ഉ(എം.എസ്)നം 80/2017/തസ്വഭവ 11.8(5) പ്രകാരം ഒരാൾക്ക് ഒരു തവണ മാത്രമേ ആനുകൂല്യം നൽകാവൂ. അതു സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികൾക്ക് വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചില്ലായെന്ന സംബന്ധിച്ചുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം 15/19 നുള്ള മറുപടിയിൽ അവ ഹാജരാക്കാമെന്ന അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തുകയായ 120975/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. സാക്ഷ്യപത്രം ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-17 വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടില്ല

ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് സാധനങ്ങൾ/ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തതു സംബന്ധിച്ച രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പദ്ധതിയുടെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | 147/19 | എസ്. സി വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| 2 | 148/19 | എസ്.സി വിഭാഗത്തിലെ പോസ്റ്റ് ഗ്രാജ്ജ്വേറ്റ് ,ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ |
| 3 | 149/18 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം |
| 4 | 151/18 | ഈഞ്ചപ്പുരി സ്കൂളിനു കമ്പ്യൂട്ടറും ലാപ്പ് ടോപ്പും |
| 5 | 155/18 | പഞ്ചായത്തിനു കീഴിലുള്ള സ്കൂളുകൾക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ |

വിതരണ രജിസ്റ്റർ പരിപാലിച്ചാൽ മാത്രമേ ബന്ധപ്പെട്ട സാധനങ്ങൾ അതാതു സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് നൽകിയോയെന്നു പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. ഭാവിയിൽ വിതരണ രജിസ്റ്റർ പരിപാലിക്കുവാൻ നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം -ചെലവു രേഖകൾ ഹാജരാക്കിയില്ല 44850/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 149/18 ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം |
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു വിഭാഗം) |
| അടങ്കൽ | 150000/-രൂപ |
| ചെലവ് | 147568/- രൂപ |
| ബിൽ നം | 4/17-18 |
| തീയതി | 10.08.2017 |

ഗ്രാമപഞ്ചായത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ പ്രവർത്തിക്കുന്നതുമായ സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അതു പ്രകാരം പഞ്ചായത്തിലെ 23 അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾക്ക് 4466/- രൂപ നിരക്കിൽ (4466x23=102718/-) സ്പോർട്ട്സ് കിറ്റ് വാങ്ങി നൽകി. ബാക്കി തുകയായ (147568-102718=44850) 44850/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

2015-16 വർഷത്തിൽ അംഗീകാരം ലഭിച്ച പദ്ധതി നടപ്പിലാക്കിയത് 2017-18 ലാണ്. സ്പിൽ ഓവർ പദ്ധതികൾ തൊട്ടടുത്ത സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുവാൻ ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റിയും ജാഗ്രത പാലിക്കേണ്ടതാണ്. നിലവിലെ മാർഗ്ഗരേഖകൾ (03.04.2017 ലെ സ.ഉ(എം.എസ്)നം 80/2017/തസ്വഭവ 32.10(3) പ്രകാരം ഒരു സംഘടനയ്ക്ക് 2000/-രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ വാങ്ങാമെന്നിരിക്കെ സ്പോർട്സ് കിറ്റുകൾക്ക് 4466/-രൂപ അനുവദിച്ചിരിക്കുന്നത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ്. ഈ വിഷയത്തിലേയ്ക്കും ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19 വയോജനങ്ങൾക്ക് കട്ടിൽ– ടെണ്ടർ നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചു- 11500/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജ. നം. | : 216/18(വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി.പി)) |
| അടങ്കൽ | : 199500/- (വി.ഫ.(എസ്.സി.പി)) |
| ചെലവ് | : 100050/- (ബിൽ നം. 14 dt.28.03.2018) |
| നിർവ്വഹണം | : അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. 23 ഗുണഭോക്താക്കൾക്കാണ് പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയിരിക്കുന്നത്. കട്ടിൽ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയത് ശ്രീ.രതീഷ് കുമാർ, മേലതിൽ ഇൻഡസ്ട്രീസ് (അക്കേഷ്യതടിയിലുള്ള കട്ടിൽ 3850/- രൂപ നിരക്കിൽ) എന്ന സ്ഥാപനമാണ്. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് പ്രകാരം പർച്ചേസ് നടത്താൻ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. 23 കട്ടിൽ വിതരണം ചെയ്തതിന് കട്ടിലൊന്നിന് 4350/- രൂപ നിരക്കിൽ 100050/- രൂപ സ്ഥാപനത്തിന് നൽകിയിരിക്കുന്നു. എന്നാൽ സ്ഥാപനം രേഖപ്പെടുത്തിയ ടെണ്ടർ പ്രകാരം 88550/- രൂപയാണ് അനുവദനീയമായിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16) ബില്ലിനോടൊപ്പം നികുതി കൂടി ചേർത്തുനൽകിയതിനാലാണ് കൂടിയ നിരക്ക് അനുവദിച്ചതെന്നും, മേൽ സ്ഥാപനത്തിൽ നിന്നും പർച്ചേസ് നടത്താനുള്ള കമ്മിറ്റി അംഗീകാരം ലഭിച്ചത് സകർമ്മയിൽ അടിച്ചുചേർത്തപ്പോൾ വിട്ടുപോയതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

എല്ലാവിധ നികുതികളും മറ്റ് ചാർജ്ജുകളും ഉൾപ്പെടുത്തിയാണ് ടെണ്ടർ നിരക്ക് രേഖപ്പെടുത്തേണ്ടതെന്ന നിബന്ധനയോടെയാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ആയതിനാൽ നികുതികൂടി ഉൾപ്പെടുത്തിയാണ് കൂടിയ നിരക്ക് നൽകിയതെന്നുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 11500/- രൂപ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതും, പഞ്ചായത്ത് കമ്മിറ്റി അംഗീകാരം വാങ്ങാതെ പർച്ചേസ് നടത്തിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 3-20 കിണർ നിർമ്മാണം- വാല്യുവേഷനില്ലാതെ തുക നൽകിയിരിക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ പ്രകാരം കിണർ നിർമ്മിക്കുന്നതിന് ഗുണഭോക്താക്കൾക്ക് വിവിധനിരക്കിലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. കിണറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, വാല്യുവേഷൻ നടത്തുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | അപാകത |
|---|---|---|---|---|
| 1 | 164/18<br>(കുടിവെള്ള കിണർ നിർമ്മാണം (എസ്.സി.പി)) | 69000<br>വി.ഫ.(എസ്.സി.പി) | 62000<br>(ബിൽ നം. 5/ 15.07.17) | നാല് ഗുണഭോക്താക്കൾക്ക് 7000/- രൂപ നിരക്കിലും, രണ്ട് പേർക്ക് 17000/- രൂപ നിരക്കിലുമാണ് സബ്സിഡി അനുവദിച്ചിരി<br>ക്കുന്നത് |
| 2 | 165/18<br>(കുടിവെള്ള കിണർ നിർമ്മാണം (ടി.എസ്.പി)) | 44000<br>വി.ഫ. (ടി.എസ്.പി) | 44000<br>(ബിൽ നം. 6/ 15.07.17) | രണ്ട് ഗുണഭോക്താക്കൾക്ക് 12000/- രൂപ വീതവും,രണ്ട്പേർക്ക് 10000/- രൂപ വീതവും നൽകിയിരിക്കുന്നു |
| 3 | 331/18<br>(കുടിവെള്ള കിണർ നിർമ്മാണം (എസ്.സി.പി)) | 156000<br>വി.ഫ. (എസ്.സി.പി) | 25000<br>(ബിൽ നം. 9/ 14.08.17) | മൂന്ന് ഗുണഭോക്താക്കൾക്ക് 7000/-<br>രൂപ വീതവും.ഒരു ഗുണഭോക്താവിന് 4000/- രൂപയുമാണ് നൽകിയിട്ടുള്ളത് |

മേൽ സൂചിപ്പിച്ച പ്രോജക്ടുകളൊന്നിലും മോണിറ്ററിംഗിന് ചുമതലപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ, സ്റ്റാന്റിംഗ് കമ്മിറ്റിയോ ചുമതല നിർവ്വഹിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 25-ാം ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും അനുബന്ധരേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 3-21 ഭവനപുനരുദ്ധാരണം- മാർഗ്ഗരേഖാനിർദ്ദേശം പാലിച്ചിട്ടില്ല

ജി.ഒ(എം.എസ്) 4/2016 തീയതി. 11.01.2016 സർക്കാർ ഉത്തരവിൽ വീടിന്റെ അറ്റകുറ്റപ്പണിക്ക് ഉടമസ്ഥൻ എസ്റ്റിമെറ്റ് തയ്യാറാക്കി, എൽ.എസ്.ജി.ഡി എൻജിനീയർ അളവെടുത്തശേഷമായിരിക്കണം സബ്സിഡി അനുവദിക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള സ്പിൽ ഓവർ പ്രോജക്ടുകളിൽ മേൽ രേഖകളൊന്നും കൂടാതെയാണ് ഗുണഭോക്താക്കൾക്ക് 15000/- രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചിട്ടുള്ളത്. കൂടാതെ പണി പൂർത്തീകരിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം / പേര് | അടങ്കൽ | ചെലവ്/ബിൽ നം/തിയതി |
|---|---|---|
| 332/18<br>(ഭവനപുനരുദ്ധാരണം-എസ്.സി.പി) | 30,000/-<br>വി.ഫ. (എസ്.സി.പി) | 30,000/-<br>ബിൽ നം. 7/15.07.17 |
| 333/18<br>(ഭവനപുനരുദ്ധാരണം-ടി.എസ്.പി) | 90,000/-<br>വി.ഫ. (ടി.എസ്.പി) | 30,000/-<br>ബിൽ നം. 4/ 15.07.17 |

മോണിറ്ററിംഗിന് ചുമതലപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയായി മാറിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-22 ഈറ്റത്തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള സബ്സിഡി- സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് നം. | 168/18 [ഈറ്റത്തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള പ്രോത്സാഹനം(എസ്.സി.പി)] |
| അടങ്കൽ | 100000/- [വി.ഫ(എസ്.സി.പി)] |
| ചെലവ് | 60000/- [ബിൽ നം. 11/15.07.17] |

നിർവ്വഹണോദ്യോഗസ്ഥൻ അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിഭാഗക്കാരായ ഈറ്റത്തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുകയെന്നതാണ് പ്രോജക്ട് ലക്ഷ്യം. ഇതിലേക്കായി പരമ്പരാഗത ഈറ്റത്തൊഴിലാളിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും, 54 പേരടങ്ങുന്ന ഗ്രൂപ്പ് രൂപീകരിച്ച് ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക കൈമാറേണ്ടതെന്നും, ഗവ.അംഗീകൃത ഏജൻസിയിൽ നിന്നും അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന്റെ സർട്ടിക്കറ്റ് ഹാജരാക്കണമെന്നും പ്രോജക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 30 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് 2000/- രൂപ വീതം നേരിട്ട് അനുവദിച്ച് നൽകിയിരിക്കുന്നു. പ്രോജക്ടിൽ നിർദ്ദേശിക്കുംപ്രകാരം ഗ്രൂപ്പ് രൂപീകരിക്കുകയോ, ഗവ.അംഗീകൃത ഏജൻസിയിൽ നിന്നും അസംസ്കൃത വസ്തുവാങ്ങിയതിന്റെ സർട്ടഫിക്കറ്റ് ഹാജരാക്കുകയോ, പരമ്പരാഗത ഈറ്റത്തൊഴിലാളികളാണെന്നുള്ള സർട്ടഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

അപാകതയ്ക്ക് 26-ാം ഓഡിറ്റ് എൻക്വയറി പ്രകാരം വിശദീകരണമാവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകാരം ലഭിച്ചതിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-23 രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക 80,000/- രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 334/18 (കുടിവെള്ള കിണർ നിർമ്മാണം (ടി.എസ്.പി)) | 50000 വി.ഫ(ടി.എസ്.പി) | 50000 ബിൽ നം.8/15.7.17 |
| 163/18 (ഭവനപുനരുദ്ധാരണം- എസ്.സി.പി) | 265000 വി.ഫ(എസ്.സി.പി) | 30000 ബിൽ നം.10/15.7.17 |

രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം.25) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 80,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-24 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം അസി സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾക്ക് ഓഡിറ്റ് എൻക്വയറി നം.25 പ്രകാരം വിവരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം / പേര് | അടങ്കൽ | ചെലവ്/ബിൽ നം/തിയതി | തുക നൽകിയത് |
|---|---|---|---|
| 210/18 (പി.എ.എ.വൈ വിഹിതം- എസ്.സി.പി) | 810000 വി.ഫ. (എസ്.സി.പി) | 8,10,000/- ബിൽ നം. 2/ 30.06.17 | വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിന് |
| 211/18 (പി.എ.എ.വൈ വിഹിതം- ടി.എസ്.പി) | 135000 വി.ഫ. (ടി.എസ്.പി) | 1,35,000/- ബിൽ നം. 3/ 30.06.17 | വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിന് |

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ലഭ്യമാകുന്നതിലേക്കായി 945000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-25 വയോജനങ്ങൾക്ക് കട്ടിൽ -തുക അധികം നൽകി-22400 രൂപ നിരാകരിക്കുന്നു.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | : | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |
| പ്രോജക്ട് നമ്പർ | : | S0 221/18 |
| അടങ്കൽ | : | 199500 |
| പ്രോജക്ട് | : | വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) |
| ചെലവുതുക | : | 199500 |

| | |
|---|---|
| ബിൽ നമ്പർ | : 22/2017-18 തീ.28.03.18 |

വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്റ്റ് പ്രകാരം 46 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തതിന് മേലേതിൽ ഇൻഡസ്ട്രീസ്, തിരുമല എന്ന സ്ഥാപനത്തിന് 1,99,500 രൂപ നൽകിയിട്ടുണ്ട്. എന്നാൽ മേലേതിൽ ഇൻഡസ്ട്രീസ് സമർപ്പിച്ച ടെൻഡർ പ്രൊപ്പോസൽ പ്രകാരം കട്ടിൽ ഒന്നിന് 3850 രൂപ ആകുന്നു. പ്രസ്തുത നിരക്കിൽ 46 കട്ടിലിന് 177100 രൂപ ( നികുതികൾ ഉൾപ്പെടെ) മാത്രമേ നൽകാൻ പാടുള്ളൂ. ഇത് സംബന്ധിച്ച അപാകതയ്ക്ക് 25/02/2019ൽ ഓഡിറ്റ് എൻക്വയറി 20/2017-18 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 22400 രൂപയുടെ ചെലവുതുക നിരാകരിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 391036 | പാലിനു സബ്സിഡി | 391036 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 278250 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 278250 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃതി (ഗ്രൂപ്പുകൾക്ക്) | 20400 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 270000 | പാലിനു സബ്സിഡി | 270000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 33125 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 33125 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | പാലിനു സബ്സിഡി | 150000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃതി (ഗ്രൂപ്പുകൾക്ക്) | 20400 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | പാലിനു സബ്സിഡി | 200000 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 97260 | ഇല്ല | 97260 |
| KWA | പാലൈക്കോണം പട്ടികജാതി കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ | 300000 | ഇല്ല | 300000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ) നം. 207/ 10/ ത.സ്വ.ഭ.വ 20.01.2010 | 19468500 | 5840550 | 1946850 | - | 3893700 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89044534/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79485107/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ<br>അംഗീകരിക്കാത്ത തുക | 35500/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4355157 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-15 | 1600/- | ശ്രീമതി.ശ്രീലത.ബി,<br>ഹെഡ്മിസ്ട്രസ് |
| 3-19 | 11500/- | ശ്രീ.ശ്യാമപ്രസാദ്.എസ്.എസ്,<br>അസി.സെക്രട്ടറി |
| 3-27 | 22400/- | ശ്രീമതി. ഉഷാകുമാരി,<br>ഐ.സി.ഡി. എസ്. സൂപ്പർവൈസർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 77454 | ശ്രീ.നന്ദകുമാർ.സി<br>സെക്രട്ടറി |
| | 19806 | ശ്രീ.സുദർശനൻ.ടി<br>സെക്രട്ടറി |
| | 300000 | ശ്രീമതി.ജയന്തി.എസ്<br>സെക്രട്ടറി |
| 3-6 | 30000/- | ശ്രീമതി.സൗമ്യ,വി.ഇ.ഒ |
| 3-7 | 1455000/- | ശ്രീമതി.ചോതി.സി,വി.ഇ.ഒ |
| 3-8 | 100000/- | ഡോ.ഹരികൃഷ്ണകുമാർ.ജി.ആർ,<br>വെറ്ററിനറി സർജൻ |
| 3-10 | 40800/- | ശ്രീമതി.രശ്മി.പി.കെ, |

| | | |
|---|---|---|
| | | കൃഷി ഓഫീസർ |
| 3-14 | 1438532/- | ഡോ.ശശി എം.ഡി,<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി |
| 3-16 | 220975/- | ശ്രീമതി.ശ്രീലത.ബി,<br>ഹെഡ്മിസ്ട്രസ് |
| 3-18 | 44850/- | ശ്രീമതി.ശ്രീലത.ബി,<br>ഹെഡ്മിസ്ട്രസ് |
| 3-23 | 80000/- | ശ്രീ.സതീഷ് രാജ്.എസ്.ആർ,<br>അസി.സെക്രട്ടറി |
| 3-24 | 945000/- | ശ്രീ.സതീഷ് രാജ്.എസ്.ആർ,<br>അസി.സെക്രട്ടറി |
| ആകെ | 4355157/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി ശ്രീലത.ബി,<br>ഹെഡ്മാസ്റ്റർ | ലഭ്യമല്ല | .<br>പ്രതീക്ഷ,പുര28<br>വട്ടിയൂർക്കാവ് |
| 2 | ശ്രീ.ശ്യാമപ്രസാദ്.എസ്.എസ്<br>അസി.സെക്രട്ടറി | ലഭ്യമല്ല | പടിഞ്ഞാറ്റതിൽ,<br>ആലിയാട് പി.ഒ<br>വാമനപുരം |
| 3 | ശ്രീമതി. ഉഷാകുമാരി<br>ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ലഭ്യമല്ല | സുരഭി,മഞ്ചംമൂല,പുതുകുളങ്ങര |
| 4 | ശ്രീമതി.ചോതി.സി,<br>വി.ഇ.ഒ | ലഭ്യമല്ല | തണൽ, വെള്ളനാട്<br>എൽ.പി.എസിന് സമീപം |
| 5 | ശ്രീമതി.സൗമ്യ,വി.ഇ.ഒ | ലഭ്യമല്ല | വലിയവിളവീട്,<br>കട്ടച്ചൽക്കുഴി.പി.ഒ<br>ബാലരാമപുരം |

## **4-10.** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ.ഡി.ജി.പി.5/1177/2018 തീയതി 16.06.2018 | 1 | |
| 2008-09 | കെ.എസ്.എ.ഡി.ജി.പി.5/1177/2018 തീയതി 16.06.2018 | 4 | |
| 2009-10 | കെ.എസ്.എ.ഡി.ജി.പി.5/1177/2018 തീയതി 16.06.2018 | 2 | |
| 2011-12 | കെ.എസ്.എ.ഡി.ജി.പി.5/1177/2018 തീയതി 16.06.2018 | 7 | |
| 2013-14 | കെ.എസ്.എ.ഡി.ജി.പി.5/1177/2018 തീയതി 16.06.2018 | | |
| 2014-15 | കെ.എസ്.എ.ഡി.ജി.പി.5/1177/2018 തീയതി 16.06.2018 | 11 | |
| 2015-16 | കെ.എസ്.എ.ഡി.ജി.പി.5/1177/2018 തീയതി 09.12.2016 | 17 | |
| 2016-17 | കെ.എസ്.എ.ഡി.ജി.പി.5/2030/2018 തീയതി 19.10.2017 | 29 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ആര്യനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

B.T